# പാഠം 14: ഇസ്രായിലിലെ പ്രവാചകന്മാർ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | (1) പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത് എന്തിനുവേണ്ടിയായിരുന്നു? | ദൈവത്തെ മറന്നു പ്രവർത്തിക്കാൻ തുടങ്ങിയ ഇസ്രായേൽക്കാരെ ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവരാൻ നിയോഗിക്കപ്പെട്ടവരാണ് പ്രവാചകന്മാർ. |
| 2 | പ്രവാചകൻ എന്ന വാക്കിന്റെ സാധാരണ അർത്ഥം എന്താണ്? | ദൈവത്തിനു വേണ്ടി സംസാരിക്കുന്ന വ്യക്തി |
| 3 | (2) ഓരോ പ്രവാചകനും ഇസ്രായേൽജനത്തെ ദൈവവഴിയിലൂടെ നയിച്ചതെങ്ങനെ? | പ്രവാചകന്മാർ ഇസ്രായേലിന്റെ തെറ്റുകൾ അവരെ ബോധ്യപ്പെടുത്തി, കഠിനമായി അവരെ കുറ്റപ്പെടുത്തി, പശ്ചാത്തപിച്ചില്ലെങ്കിൽ ശിക്ഷിക്കപ്പെടും എന്ന മുന്നറിയിപ്പും നൽകി. ഹൃദയപരിവർത്തനം നടത്തി നന്മയുടെ വഴിയിലേക്ക് തിരിച്ചുവരാനുള്ള ആഹ്വാനമാണ് അവർ ജനത്തിന് നൽകിയത്. |
| 4 | പഴയനിയമത്തിൽ പേരുകളിലുള്ള ഗ്രന്ഥങ്ങൾ ഉള്ളവയും **വലിയ പ്രവാചകരെന്ന്** അറിയപ്പെടുന്നവരുമായവർ ആരെല്ലാം? | ഏശയ്യാ, ജറെമിയ, എസെക്കിയേൽ, ദാനിയേൽ എന്നീ പ്രവാചകന്മാർ. |
| 5 | പഴയനിയമത്തിൽ പേരുകളിലുള്ള ഗ്രന്ഥങ്ങൾ ഉള്ളവയും **ചെറിയ പ്രവാചകരെന്ന്** അറിയപ്പെടുന്നവരുമായവർ ആരെല്ലാം? | ഹോസിയ, ജോയേൽ, ആമോസ്, ഒബാദിയാ, യോനാ, മിക്കാ, നാഹും, ഹബേക്കുക്ക്, സെഫാനിയാ, ഹഗ്ഗായി, സഖറിയാ, മലാക്കി |
| 6 | വലിയ പ്രവാചകരും, പുസ്തകങ്ങളുടെ പേരിൽ അറിയപ്പെടാത്തവരുമായ പ്രവാചകരിൽ പ്രധാനികൾ | ഏലിയാ, ഏലീഷാ എന്നിവർ. (ഇവരുടെ പ്രവർത്തനങ്ങൾ രാജാക്കന്മാരുടെ പുസ്തകങ്ങളിലാണ് കാണുന്നത്.) |
| 7 | ഇസ്രായേൽ ഭരിച്ച രാജാക്കന്മാരിൽ വളരെയേറെ തിന്മ പ്രവർത്തിച്ച അഹാബ് രാജാവിന്റെ കാലത്ത് അനുതപിച്ച് കർത്താവായ ദൈവത്തിങ്കലേയ്ക്ക് തിരികെ വരാൻ ഉദ്ബോധിപ്പിച്ച പ്രവാചകൻ? | ഏലിയാ |
| 8 | ഇസ്രയേൽ ജനത്തെ സത്യദൈവവിശ്വാസത്തിൽ ഉറപ്പിക്കാൻ പ്രവർത്തിച്ച പ്രവാചകനായ ഏലിയാ കാർമൽമലയിൽവച്ച് ബലിയർപ്പിച്ചപ്പോൾ ദൈവം പ്രാർത്ഥന കേട്ടു, ഉടനെ അഗ്നിയിറങ്ങി, ബലിവസ്തുവും വിറകും കല്ലും മണ്ണും ദഹിപ്പിക്കുകയും ചെയ്തു. ഇതുകണ്ട ജനം സാഷ്ടാംഗം വീണ് വിളിച്ചു പറഞ്ഞത് എന്ത്? | കർത്താവുതന്നെ ദൈവം! കർത്താവു തന്നെ ദൈവം! (1 രാജാക്കന്മാർ 18:39) |
| 9 | ഏലിയാ പ്രവാചകനുശേഷം തൽസ്ഥാനത്ത് പ്രവർത്തിക്കുകയും, കഷ്ടപ്പെടുന്നവരോടുള്ള ദൈവത്തിന്റെ സ്നേഹം പ്രകടിപ്പിക്കുകയും, യേശു പ്രവർത്തിച്ചതുപോലുള്ള അത്ഭുത പ്രവൃത്തികൾ ചെയ്തതുമായ പ്രവാചകൻ ആരാണ്? | ഏലീഷാ |
| 10 | ജറുസലേം സ്വദേശിയായ പ്രവാചകൻ? ദൈവത്തിന്റെ പരമപരിശുദ്ധിയെക്കുറിച്ചുള്ള അനുഭവം ലഭിച്ച പ്രവാചകൻ? | ഏശയ്യാ |
| 11 | വിശുദ്ധീകരിക്കുന്ന അഗ്നികൊണ്ട് ആരുടെ നാവിനെയാണ് ദൈവം പരിശുദ്ധമാക്കിയത്? | ഏശയ്യാ പ്രവാചകന്റെ |
| 12 | ലോകത്തെ മുഴുവൻ സമുദ്ധരിക്കാൻ കഴിവുള്ള രക്ഷകന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനം നടത്തിയ പ്രവാചകൻ? | ഏശയ്യാ പ്രവാചകൻ |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 13 | പാപത്തിൽ മുഴുകിയ ഇസ്രായേൽജനത്തിന് സംഭ വിക്കാൻ പോകുന്ന അടിമത്തത്തെക്കുറിച്ച് മുന്നറി യിപ്പു നൽകാൻ ദൈവം നിയോഗിച്ച പ്രവാചകൻ? | **ജറെമിയാ** |
| 14 | ''ഇതാ എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേ പിച്ചിരിക്കുന്നു. പിഴുതെറിയാനും ഇടിച്ചുതകർക്കാനും.... പണിതുയർത്താനും നട്ടുവളർത്താനും വേണ്ടി ഇന്നി താ... ഞാൻ നിന്നെ അവരോധിച്ചിരിക്കുന്നു.''(ജറെമിയാ 1:9). തന്റെ സന്ദേശം ജനത്തെ അറിയിക്കുന്നതിനായി കർത്താവ് വിളിച്ച് വിശുദ്ധീകരിച്ച് ശക്തിപ്പെടുത്തി, അയ ച്ച ബാലൻ ആരാണ്? | **ജറെമിയാ പ്രവാചകൻ** |
| 15 | പുറമെ ദൈവഭക്തിയും അകമെ കാപട്യവും വഞ്ച നയും നിറഞ്ഞ അവസ്ഥയെ ദൈവം വെറുക്കുന്ന തായി അറിയിച്ച പ്രവാചകൻ ആരാണ്? | **ജറെമിയാ** |
| 16 | ബാബിലോൺ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ജനത്തെ പ്രത്യാശയിലേക്ക് നയിച്ച പ്രവാചകൻ ആരാണ്? | **എസക്കിയേൽ** |
| 17 | പ്രവചനങ്ങൾ, പ്രതീകങ്ങൾ, ഉപമകൾ, അടയാള ങ്ങൾ എന്നിവവഴി ജനങ്ങളെ പഠിപ്പിച്ച പ്രവാചകൻ ആരാണ്? | **എസക്കിയേൽ** |
| 18 | (3) എസക്കിയേൽ പ്രവാചകൻ നൽകിയ പ്രത്യാശ യുടെ സന്ദേശങ്ങൾ ഏവ? | **ഒരു പുതിയ സമൂഹമായി ഇസ്രായേൽ വളരും, യഥാർത്ഥ ഇടയൻ അവരെ നയിക്കാനെത്തും, ദൈവത്തിന്റെ ആത്മാവ് ഇസ്രായേലിന് നവജീവൻ നൽകും. പുതിയ ദൈവാലയം നിർമ്മിക്കപ്പെടും ദൈവമഹത്വം തിരികെവരും എന്നിങ്ങനെ പ്രത്യാശ യുടെ സന്ദേങ്ങളാണ് അദ്ദേഹം നൽകിയത്.** |
| 19 | (4) ആരാണ് സഭാ പ്രബോധകർ? | **പുതിയ നിയമജനതയായ സഭാസമൂഹത്തിന് മാർഗ നിർദ്ദേശങ്ങൾ നൽകുന്നവരാണ് സഭാപ്രബോധകർ.** |
| 20 | ആദിമനൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന സഭാപ്രബോധ കരിൽ പ്രധാനികളും വിശുദ്ധരും വിജ്ഞാനികളു മായവർ? | **സഭാപിതാക്കന്മാർ** |
| 21 | (5) സഭാപിതാക്കന്മാരിൽ പ്രധാനപ്പെട്ടവർ? | **ഇരണേവൂസ്, സിപ്രിയാൻ, അംബ്രോസ്, അഗസ്റ്റിൻ, ബേസിൽ, അത്തനേഷ്യസ്, അപ്രേം, ജറോം, ജോൺ ക്രിസോസ്തോം തുടങ്ങിയവരാണ്** |
| 22 | ആധുനിക കാലത്ത് സഭാതനയരെ വിശ്വാസത്തിൽ ഉറപ്പിക്കാനും സംശയങ്ങൾ അകറ്റാനും സഹായി ക്കുന്ന തിരുവെഴുത്തുകൾ പുറപ്പെടുവിക്കുന്നത് ആരാണ്? | **മാർപാപ്പമാർ** |
| 23 | എപ്പോഴാണ് നാം സഭാമക്കളായി വളരുന്നത്? | **ഈശോയുടെ കല്പനയനുസരിച്ച് ജീവിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ ശരിയായി മനസ്സിലാക്കി, അവ പാലിച്ചു ജീവിക്കുമ്പോഴാണ് നാം സഭാമക്കളായി വളരുന്നത്.** |

**ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞി രിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ഒറ്റവാക്കിൽ ഉത്തരം എഴുതുക, ബ്രാക്കറ്റിൽ നിന്നും ഉത്തരം എടുത്തെഴുതുക, പട്ടിക ക്രമപ്പെടുത്തുക, ഫ്ളോചാർട്ട് പൂർത്തിയാക്കുക, ഉത്തരം എഴുതുക, പദസൂര്യൻ പൂർത്തിയാക്കുക, ജീവചരിത്രം പൂർത്തിയാക്കുക, ഖണ്ഡിക എഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്.